പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2427 **27-10-2026-ൽ മറുപടിയ്ക്ക്**

എം.എൽ.എ.യുടെ പേഴ്സണൽ അസിസ്റ്റന്റ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സുധാകരൻ ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

(എ) എം.എൽ.എ.യുടെ പേഴ്സണൽ അസിസ്റ്റന്റ് ആയി അന്യത്രസേവന വ്യവസ്ഥയിൽ അനുവദിക്കുന്ന ജീവനക്കാരുടെ എണ്ണം നിലവിലെ ഒന്ന് എന്നതിൽ നിന്നും വർദ്ധിപ്പിക്കാൻ തയ്യാറാകുമോ;

മറുപടി: ഇത്തരത്തിലുള്ള ഒരു ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) എം.എൽ.എ.യുടെ അഡീഷണൽ സ്റ്റാഫ് ആയി അനുവദിക്കുന്ന ജീവനക്കാരുടെ എണ്ണം നിലവിലെ രണ്ട് എന്നതിൽ നിന്നും വർദ്ധിപ്പിക്കാൻ തയ്യാറാകുമോ;

മറുപടി: ഇത്തരത്തിലുള്ള ഒരു ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) എം.എൽ.എ.യുടെ പേഴ്സണൽ അസിസ്റ്റന്റിന് നൽകി വരുന്ന സ്പെഷ്യൽ അലവൻസ് വർദ്ധിപ്പിക്കാൻ തയ്യാറാകുമോ;

മറുപടി: കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ശമ്പളപരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പേഴ്സണൽ അസിസ്റ്റന്റിന് സ്പെഷ്യൽ അലവൻസ് നൽകി വരുന്നത്.

(ഡി) എം.എൽ.എ.യുടെ അഡീഷണൽ സ്റ്റാഫിന്റെ പ്രതിമാസ ഓണറേറിയം 20,000/- രൂപയെന്നത് വളരെ ചെറിയ തുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് വർദ്ധിപ്പിക്കാൻ തയ്യാറാകുമോ?

മറുപടി: അഡീഷണൽ സ്റ്റാഫിന്റെ വേതനം (സ്റ്റാഫ് അലവൻസ്) വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ